വിശ്വാസി
ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 19 No. 10 | PUBLISHED FROM DELHI | PRICE Rs. 3/- | OCTOBER 2015

# മാനസാന്തരത്തിലേക്ക് മടങ്ങിവരിക: പാസ്റ്റർ ബോബി പി. ജോൺ




പാസ്റ്റർ ബോബി പി. ജോൺ മുഖ്യ സന്ദേശം നൽകുന്നു. പാസ്റ്റർമാരായ വി.എം. ഏബ്രഹാം, സുമേഷ് പി. ലാസർ, തോമസ് മാത്യു എന്നിവർ സമീപം.

**അടൂർ:** ഇത് അന്ത്യകാലഘട്ടമായതിനാൽ സഭ മാനസാന്തരത്തിലേക്ക് മടങ്ങിവരണമെന്ന് പാസ്റ്റർ ബോബി പി. ജോൺ പ്രസ്താവിച്ചു. സെപ്തംബർ 12ന് നെല്ലിമുകൾ ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിൽ വച്ച് നടന്ന കേരളാ റീജൻ മാസയോഗത്തിൽ വെളിപ്പാട് 3:14-22 ആസ്പദമാക്കി മുഖ്യസന്ദേശം നൽകുകയായിരുന്നു അദേഹം.

യേശുക്രിസ്തുവിന്റെ സാക്ഷ്യം മുഖാന്തരം പത്മോസിന്റെ ഏകാന്തതയിലേക്ക് നാടുകടത്തപ്പെട്ട അപ്പൊസ്തലനായ യോഹന്നാൻ തന്റെ മുമ്പിൽ ദൈവം വെളിപ്പെടുത്തിയ ഏഴ് സഭകളെക്കുറിച്ചുള്ള ദൂതിൽ ഏഴാമത്തെ ദൂതിന് അർഹമായ സഭയാണ് ലവോദിക്യ സഭ. പെന്തക്കൊസ്തു നാളുമുതൽ ഇന്നുവരെയുള്ള സഭയുടെ വളർച്ചയും സഭയുടെ രീതികളുമനുസരിച്ച് ലവോദിക്യാ സഭയുടെ കാലയളവിലാണ് നാം ഇന്ന് എത്തിനിൽക്കുന്നത്.

ഒന്നുമില്ലായ്മയിൽ നിന്നും പ്രാർത്ഥനയും വിശുദ്ധജീവിതവും പരസ്പര കൂട്ടായ്മയും ഒക്കെ കൈമുതലാക്കിയിരുന്നതോടൊപ്പം ദൈവസ്നേഹത്തിന്റെ ആഴത്തിലും നിലനിന്നിരുന്ന സഭ, കാലഘട്ടത്തിന്റെ മാറ്റത്തിലും സാമ്പത്തിക ഉയർച്ചയിലും എത്തപ്പെട്ടപ്പോൾ ദൈവീക ആരാധനയുടെ മാഹാത്മ്യത്തിനും ആത്മാവിന്റെ പ്രവർത്തനത്തിനും നിയന്ത്രണമൊക്കെ വരുത്തി ആലയത്തിൽ നിന്നും ദൈവസാന്നിധ്യത്തെ പുറംതള്ളിയിരിക്കുന്നു. ഒന്നിനും ഞങ്ങൾക്ക് കുറവില്ല എന്ന് പറഞ്ഞ് സ്വയം പുകഴ്ത്തി, പണത്താൽ സകലതും നേടിയെടുക്കാം എന്നൊരു ധാരണയിൽ എത്തി നിൽക്കുന്നു. എന്നാൽ ലവോദിക്ക്യാ സഭയോട് ദൈവം പറഞ്ഞു: നീ ദരിദ്രനാണ്, നിർഭാഗ്യവാനാണ്, അരിഷ്ടനാണ്, കുരുടനാണ്, നഗ്നനാണ്. പണം സഭയുടെ ആത്മീകതയെ കെടുത്തിക്കളയരുത്. അപ്പൊസ്തലന്മാരുടെ കാൽക്കൽ ജനം വസ്തുവകകൾ വിറ്റ് പണം കൊണ്ടുവന്നപ്പോഴും വെള്ളിയോ പൊന്നോ ഞങ്ങൾക്കില്ല എന്ന് പറഞ്ഞിരുന്ന അവരിൽ വ്യാപരിച്ചിരുന്ന ആത്മശക്തിയാൽ യേശുവിന്റെ നാമത്തിൽ അത്ഭുതങ്ങളും അടയാളങ്ങളും നടന്നു. സമ്പത്ത് അവരുടെ ദൗത്യ നിർവ്വഹണത്തിന് തടസ്സമാകുവാൻ അനുവദിച്ചില്ല. ഉന്നതഭാവവും നിഗളവും ബാധിച്ച് ആത്മീക ലോകം ഇന്ന് അധഃപതിച്ചു കൊണ്ടിരിക്കുമ്പോൾ ഉണർന്ന് മാനസാന്തരപ്പെട്ട് മടങ്ങിവന്നാൽ, വാതിൽ തുറന്നാൽ സഭാനാഥനാകുന്ന യേശു കർത്താവ് ഉള്ളിൽ

(ശേഷം രണ്ടാം പേജിൽ)

# സൺഡേസ്കൂൾ ഏകദിന വിനോദസംഗമം

**അടൂർ:** ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് കേരളാ റീജൻ സൺഡേസ്കൂൾ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ 2015 സെപ്തംബർ 21 തിങ്കളാഴ്ച ഏകദിന വിനോദ സംഗമം എന്ന പേരിൽ കുട്ടികൾക്ക് വേണ്ടിയുള്ള ക്ലാസ്സുകൾ നടത്തപ്പെട്ടു. പാസ്റ്റർ സാം വില്യമിന്റെ അദ്ധ്യക്ഷതയിൽ നടന്ന മീറ്റിംഗ് എഫ്. എഫ്. സി. കേരളാ റീജൻ കോ-ഓഡിനേറ്റർ പാസ്റ്റർ എബി ജോർജ് ഉത്ഘാടനം ചെയ്തു. എക്സൽ വി.ബി.എസ് കോ-ഓഡിനേറ്റർ ഇവ. അനിൽ ഇലന്തൂർ, ഇവ. ബെൻസൻ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. റീജനിലെ എല്ലാ സഭകളിൽ നിന്നുള്ള വിദ്യാർത്ഥികൾ മീറ്റിംഗിൽ പങ്കെടുത്തു. അതൊടൊപ്പം അടൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന വൃദ്ധസദനത്തിൽ ഉച്ചഭക്ഷണം വിതരണം ചെയ്തു. പാസ്റ്റർ മനോജ് തമ്പി, ബ്രദർ ബാബു പൗലൊസ്, സിസ്റ്റർ മിനി രാജീവ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

# വിമൻസ് അസോസിയേഷൻ ഏകദിന ഉപവാസപ്രാർത്ഥന

**അടൂർ:** ഫെയ്ത്ത് ഫെല്ലോ ഷിപ്പ് ചർച്ച് കേരളാ റീജൻ വിമൻസ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ 2015 സെപ്തംബർ 24 വ്യാഴാഴ്ച അടൂർ സഭാഹാളിൽ വച്ച് ഏകദിന ഉപവാസപ്രാർത്ഥന നടത്തപ്പെട്ടു. കേരളാ റീജൻ കോ-ഓഡിനേറ്റർ പാസ്റ്റർ എബി ജോർജ് പ്രാർത്ഥിച്ചാരംഭിച്ച യോഗത്തിൽ ഫെയ്ത്ത് ക്രിസ്ത്യൻ വിമൻസ് അസോസിയേഷൻ ജനറൽ പ്രസിഡന്റ് സിസ്റ്റർ എലിസബത്ത് സാമുവൽ മുഖ്യസന്ദേശം നൽകി. റീജൻ പ്രസിഡന്റ് സിസ്റ്റർ ഫേബാ ബോബി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ റീജനിലെ എല്ലാ സഭകളിൽ നിന്നുള്ള സഹോദരിമാർ പങ്കെടുത്തു.

*ഉൾപേജുകളിൽ...*


ശിശുക്കളെപ്പോലെ തിരിഞ്ഞുവരിക: പാസ്റ്റർ എം.സാമുവൽകുട്ടി

വേർതിരിക്കപ്പെട്ട കൂട്ടം : പാസ്റ്റർ മനോജ് തമ്പി

പൗലൊസ് ഒരു ബാധയോ : പാസ്റ്റർ ജോസ് ശാമുവേൽ

തലക്കനം ഇല്ലെങ്കിലും തലയെടുപ്പോടെ: ഇവാ. ജോൺ സാമുവൽ


# സൺഡേസ്കൂൾ നോർത്ത് മലബാർ ക്യാമ്പ്

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് സൺഡേസ്കൂൾ ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ നോർത്ത് മലബാർ സോണിന്റെ സഹകരണത്തോടെ കുട്ടികൾക്കും അദ്ധ്യാപകർക്കുമായി ഇദംപ്രദമമായി കണ്ണൂരിൽ ദ്വിദിന ക്യാമ്പ് സംഘടിപ്പിക്കുന്നു. ഒക്ടോബർ 23 രാവിലെ 9 മുതൽ 24 ഉച്ചക്ക് 1 വരെ നടക്കുന്ന ക്യാമ്പ് പരിയാരം, മൗണ്ട് പാരാൻ ബൈബിൾ സെമിനാരിയിൽ സംസ്ഥാന സെക്രട്ടറി പ്രഫ. ബ്ലസൻ ജോർജ്ജ് ഉത്ഘാടനം ചെയ്യും. പാസ്റ്റർ പി. ആർ. ബേബി, പ്രഫ. എം.കെ ശാമുവൽ, പാസ്റ്റർ സാലു വർഗ്ഗീസ്, പാസ്റ്റർ സജികുമാർ കെ.പി. എന്നിവർ ക്ലാസ്സുകൾ നയിക്കും. തിമഥി ഇൻസ്റ്റിട്യൂട്ട് വിവിധ സെഷനുകൾക്ക് നേതൃത്വം നൽകും.

ജീസസ് യുവർ മോട്ടീവ് പവർ (JUMP) എന്നതാണ് ക്യാമ്പ് തീം. ഗാന പരിശീലനം, ഗെയിമുകൾ, കൗൺസിലിംഗ് ക്ലാസുകൾ, ടാരി മീററിംഗ്, മിഷൻ ചലഞ്ച് എന്നിവ ക്യാമ്പിന്റെ പ്രത്യേകതകൾ ആയിരിക്കും.

പ്രായ പരിധി ഇല്ലാതെ എല്ലാകുട്ടികൾക്കും ക്യാമ്പിൽ പങ്കെടുക്കാം. അദ്ധ്യാപക പരിശീലനവും ക്യാമ്പിൽ ഉണ്ടായിരിക്കും. സൗജന്യ ഭക്ഷണവും താമസ സൗകര്യവും ഉണ്ടായിരിക്കുന്നതാണ്. സോണൽ പ്രസിഡന്റ് പാസ്റ്റർ ബിനു പി ജോർജ്ജ്, സെക്രട്ടറി പാസ്റ്റർ പ്രസാദ് ആൻഡ്രൂസ്, എസ്റ്റിൻ സൈമൺ, ബാബു എം. കുര്യാക്കോസ് എന്നിവർ ക്യാമ്പിന് നേതൃത്വം നൽകും.

# എഫ്.സി.വൈ.എം. ഫെസ്റ്റ് 2015

**അടൂർ:** ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭയുടെ യുവജന വിഭാഗമായ ഫെയ്ത്ത് ക്രിസ്ത്യൻ യൂത്ത് മൂവ്മെന്റ് കേരളാ റീജന്റെ ആഭിമുഖ്യത്തിൽ എഫ്.സി. വൈ. എം. ഫെസ്റ്റ് (വിനോദ വിജ്ഞാന സംഗമം) എന്ന പ്രോഗ്രം ഒക്ടോബർ 2-ാം തീയതി നെല്ലിമുകൾ ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് ഹാളിൽ വച്ച് നടന്നു. എഫ്. സി. വൈ. എം. കേരളാ റീജൻ സെക്രട്ടറി സുവി. ബിജു പാപ്പച്ചൻ അദ്ധ്യക്ഷത വഹിച്ച മീറ്റിങ്ങ് ഐ.സി.എം. റീജൻ കോ ഓഡിനേറ്റർ പാസ്റ്റർ എബി ജോർജ് ഉദ്ഘാടനം ചെയ്തു. യുവജനങ്ങളും ആശയവിനിമയവും എന്ന വിഷയത്തെ ആസ്പദമാക്കി പാസ്റ്റർ മനോജ് തമ്പി ക്ലാസ്സുകൾ നയിച്ചു. ഉച്ചയ്ക്ക് ശേഷം വിവിധ യൂണിറ്റുകളിലെ യുവജനങ്ങളുടെ താലന്തു പ്രദർശനവും നടന്നു. ബ്രദർ ബിജു ഗിൽഗാൽ സ്വാഗതവും എഫ്.സി. വൈ. എം. പ്രസിഡന്റ് പാസ്റ്റർ വിനോദ് കെ. നന്ദിയും രേഖപ്പെടുത്തി. റീജനിലെ യുവജനങ്ങളും ദൈവദാസന്മാരും യോഗത്തിൽ സംബന്ധിച്ചു.




എഫ്.സി. വൈ. എം. ഫെസ്റ്റ് പാസ്റ്റർ എബി ജോർജ് ഉദ്ഘാടനം ചെയ്യുന്നു

പത്രാധിപ ലേഖനം.......

# ശിശുക്കളെപ്പോലെ തിരിഞ്ഞു വരിക



വളരെ പ്രത്യക്ഷമായ ഒരു ചോദ്യവും അതിന്റെ ഉത്തരവുമാണ് മത്തായി 18: 1–4 വരെ പ്രകടമാകുന്നത്. സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആര് എന്ന ചോദ്യം ശിഷ്യന്മാർ ചോദിച്ചപ്പോൾ കർത്താവായ യേശുക്രിസ്തു ഒരു ശിശുവിനെ അടുക്കൽ വിളിച്ച് അവരുടെ നടുവിൽ നിർത്തിയിട്ട് ഇപ്രകാരം പറഞ്ഞു: നിങ്ങൾ തിരിഞ്ഞ് ശിശുക്കളെപ്പോലെ ആയിവരുന്നില്ല എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ല. ശിഷ്യന്മാരുടെ ഈ ചോദ്യത്തിൽ നിന്നുതന്നെ മനസ്സിലാക്കാൻ സാധിക്കുന്നത്, സ്വർഗ്ഗരാജ്യം എന്നാൽ എന്താണ് എന്നതിനെക്കുറിച്ച് അവർക്ക് യാതൊരു അറിവുമില്ലായിരുന്നു എന്നതാണ്. നിങ്ങൾ തിരിഞ്ഞു വരുന്നില്ലായെങ്കിൽ എന്ന വാക്കിലൂടെ അവർ സ്വർഗ്ഗരാജ്യത്തിലേക്കുള്ള വഴിയിലൂടെയല്ല മറിച്ച് പൂർണ്ണമായും മറ്റൊരു തെറ്റായ ദിശയിലൂടെയാണ് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത് എന്നൊരു സൂചനയാണ് കർത്താവ് ശിഷ്യന്മാർക്ക് നൽകിയത്.

മനുഷ്യൻ ജീവിതത്തിൽ എന്താണ് ലക്ഷ്യമിടുന്നത് എന്നത് ഒരു വലിയ ചോദ്യമാണ്. വ്യക്തിപരമായ അഭിലാഷങ്ങളെ തൃപ്തിപ്പെടുത്തുക, അധികാരം നേടിയെടുക്കുക, പ്രശസ്തിയിൽ ആനന്ദിക്കുക, സ്വയം പ്രശംസിക്കുക തുടങ്ങിയവ ലക്ഷ്യമാക്കിയിരിക്കുന്നവർ ദൈവരാജ്യത്തിനെതിരെയാണ് സഞ്ചരിക്കുന്നത്. സ്വർഗ്ഗരാജ്യത്തിലെ പൗരനാകണമെങ്കിൽ സ്വാർത്ഥ ചിന്ത വെടിയണം. ഞാൻ എന്ന ഭാവത്തെ പൂർണ്ണമായും തുടച്ചുമാറ്റണം, അധികാരമല്ല മറിച്ച് സേവനം ലക്ഷ്യമാക്കണം. തന്നെത്തന്നെ ഈ ലോകത്തിൽ ഏറ്റവും പ്രധാനപ്പെട്ടതായി കരുതുന്ന ഒരുവൻ ദൈവരാജ്യത്തോട് പുറംതിരിഞ്ഞ് നിൽക്കുന്നവനാണ്. എന്നാൽ ആ രാജ്യത്ത് എത്തിച്ചേരാൻ ആഗ്രഹിക്കുന്നുവെങ്കിൽ പൂർണ്ണമായും താൻ നിൽക്കുന്ന ദിശയിൽ നിന്നും തിരിഞ്ഞു വരേണ്ടിയിരിക്കുന്നു.

യേശു അരികിൽ വിളിച്ച് തന്റെ കരങ്ങളിൽ എടുത്ത ആ ബാലൻ വളർന്ന് പിന്നീട് വലിയ എഴുത്തുകാരനും സഭാപിതാവുമായി തീർന്ന് ക്രിസ്തുവിനു വേണ്ടി രക്തസാക്ഷിത്വം വഹിച്ച അന്ത്യോക്യയിലെ ഇഗ്നേഷ്യസ് ആണെന്ന് വിശ്വസിക്കപ്പെടുന്നു. ഇഗ്നേഷ്യസിന് മറ്റൊരു പേര് കൂടി ഉണ്ടായിരുന്നു: തിയോഫറസ്. ആ പേരിന്റെ അർത്ഥം ദൈവം വഹിച്ചവൻ എന്നാണ്. ആ പേര് അവന് ലഭിച്ചത് യേശു അവനെ എടുത്ത് മടിയിൽ ഇരുത്തിയതുകൊണ്ടാണെന്ന് കരുതുന്നു.

സ്വർഗ്ഗരാജ്യത്തിലെ വ്യക്തിക്ക് ഒരു ശിശുവിലുള്ള സ്വഭാവ സവിശേഷതകൾ ഉണ്ടായിരിക്കേണമെന്ന് കർത്താവ് പഠിപ്പിക്കുന്നു. രമണീയമായ അനേക സവിശേഷതകൾ ഒരു ശിശുവിൽ കാണുവാൻ കഴിയും. അതിൽ പ്രധാനമായത് മറക്കുവാനും ക്ഷമിക്കുവാനുമുള്ള കഴിവാണ്. മുതിർന്നവരും മാതാപിതാക്കളും നീതിപൂർവ്വമല്ലാതെ അവരോടിടപ്പെട്ടാൽപോലും അവന്റെ നിഷ്ക്കളങ്കതയിൽ ആരോടും പരിഭവമില്ലാതെ അതിൽ നിന്ന് പാഠങ്ങൾ പഠിക്കുന്നു. അപ്പോൾത്തന്നെ ദൈവരാജ്യത്തിലെ പൗരന്മാർക്ക് മാതൃകയായി ശ്രേഷ്ഠമായ മൂന്ന് ഗുണ വിശേഷങ്ങൾ ഒരു ശിശുവിൻ നിന്ന് നമുക്ക് പഠിക്കുവാൻ കഴിയും. അതിൽ പ്രഥമപ്രധാനമായത് ആ വേദഭാഗത്തിന്റെ തന്നെ പ്രധാന ആശയമായ എളിമ എന്നതുതന്നെ.

ഒരു ശിശു മുൻനിരയിലേക്ക് തന്നെത്തന്നെ വെളിപ്പെടുത്തുവാൻ താത്പര്യപ്പെടുന്നില്ല, മറിച്ച് അവന് പിന്നിൽ മറയുവാനാണ് ആഗ്രഹം. അവൻ പ്രസിദ്ധിക്ക് പ്രാമുഖ്യം കൊടുക്കുന്നില്ല. രണ്ട് ആശ്രയത്വമാണ്. ഒരു ശിശു മുതിർന്നവരെ ആശ്രയിക്കുക എന്നത് സ്വാഭാവികമാണ്. ജീവിതത്തെ സ്വയമായി നേരിടാമെന്ന് അവർ ചിന്തിക്കുന്നില്ല. അവനെ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്നവരെ ആശ്രയിക്കുന്നതിൽ അവൻ പൂർണ്ണ തൃപ്തനാണ്. ദൈവത്തിങ്കലുള്ള ആശ്രയത്വത്തിന്റെ പ്രാധാന്യത നാം മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുമ്പോൾ ഒരു പുതിയ ശക്തിയും സമാധാനവും നമ്മുടെ ജീവിതത്തിലേക്ക് പ്രവേശിക്കും.

മൂന്നാമതായി ശിശുവിന്റെ വിശ്വസം. നൈസർഗ്ഗീകമായി ആശ്രിതനായിരിക്കുന്നതുപോലെ തന്നെ അവന്റെ ആവശ്യങ്ങൾ പൂർണ്ണമായും മാതാപിതാക്കളിലൂടെ നിറവേറ്റപ്പെടും എന്നവൻ വിശ്വസിക്കുന്നു. കുഞ്ഞുങ്ങൾക്ക് അവർക്കാവശ്യമായ ആഹാരസാധനങ്ങളോ വസ്ത്രങ്ങളോ വാങ്ങുന്നതിനോ, സ്വന്തം കുടുംബത്തെ പോറ്റുവാനോ സംരക്ഷിക്കുവാനോ ഉള്ള കഴിവില്ല എങ്കിലും ഇതെല്ലാം ലഭിക്കപ്പെടും എന്ന വിഷയത്തിൽ അവർക്ക് സംശയമേയില്ല. ഒരു യാത്രയ്ക്കു തയ്യാറാകുമ്പോൾ യാത്രയ്ക്കിടയിലുള്ള ചിലവുകളെക്കുറിച്ചോ യാത്രയുടെ പൂർത്തീകരണത്തെക്കുറിച്ചോ അവർ ചിന്തിക്കുന്നില്ല. ലക്ഷ്യസ്ഥാനത്ത് മാതാപിതാക്കൾ അവരെ സുരക്ഷിതമായി കൊണ്ടെത്തിക്കുമെന്ന കാര്യത്തിൽ അവർക്ക് യാതൊരു സംശയവും ഇല്ല. ശിശുവിന്റെ എളിമ ഒരു ക്രിസ്ത്യാനിക്ക് തന്റെ കൂട്ടുസഹോദരനോടുണ്ടായിരിക്കേണ്ട സ്വഭാവത്തിന് മാതൃകയാണ്. ഈ ആശ്രയത്വവും വിശ്വാസവും സകലത്തിന്റെയും പിതാവായ ദൈവത്തോട് ഒരു ക്രിസ്ത്യാനക്കുണ്ടായിരിക്കേണ്ട മനോഭാവത്തിന് മാതൃകയായി നിലകൊള്ളുന്നു.

ആത്മികതയുടെ പരിവേഷം ചാർത്തി ക്രിസ്തുവിനെ അനുഗമിക്കുന്ന നാമധേയ ക്രിസ്ത്യനികളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഇരുളിലെ ആരാധനകളും ന്യൂജനറേഷൻ കൾട്ടുകളും യുവജനങ്ങളെ വഴിതെറ്റിക്കുന്നത് നാം തിരിച്ചറിയേണം. ആത്മീകമായ പക്വതയോ ദൈവവചന പഠനമോ ലഭിച്ചിട്ടില്ലാത്ത ചില വിധർമ്മവാദികൾ പെന്തക്കൊസ്തു വിശ്വാസത്തിന്റെ അടിത്തറ ഇളക്കുവാൻ ഇറങ്ങിപുറപ്പെട്ടിരിക്കയാൽ ആത്മിയ ലോകം അപകടത്തിലായിരിക്കുന്നു. ക്രിസ്ത്യാനിത്വം ഇതരമതങ്ങൾപോലെയുള്ള ഒരു മതമല്ല, മറിച്ച് നിത്യജീവന്റെ മാർഗ്ഗമാണ്. വചനത്തിന് അനാവശ്യമായ വ്യാഖ്യാനങ്ങൾ നൽകി ജനത്തെ വഴിതെറ്റിച്ച് നരകത്തിലേക്ക് നയിച്ചുകൊണ്ടിരിക്കുകയാണ് ഇന്നതെ അനേക ആത്മീയ നേതാക്കന്മാർ.

ദൈവമക്കൾ എന്ന് കൊട്ടിഘോഷിക്കുന്നവരിൽ തന്നെ കൂട്ടായ്മ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. വേദികളിൽ വിശുദ്ധിയെക്കുറിച്ചും വേർപാടിനെക്കുറിച്ചും ദൈവസ്നേഹത്തെക്കുറിച്ചും പരസ്പരസ്നേഹത്തെക്കുറിച്ചും ഘോരഘോരം പ്രസംഗിക്കുന്നു. എന്നാൽ ജീവിതത്തിൽ അത് പ്രാവർത്തികമാക്കാൻ കഴിയാത്ത പ്രസംഗകരുടെ ഒരു കാലഘട്ടമാണിത്. വേർപാടും വിശുദ്ധിയും ഇല്ലാത്ത ആരാധനാരീതികളും ജാതീയമായ ആചാരാനുഷ്ഠാനങ്ങളോടുള്ള മൃദുവായ സമീപനവും ജഡാഭിലാഷം നിറഞ്ഞ ജീവിതവും ആഡംഭര ജീവിതാവേശവും, നവീനാശയക്കാരുടെ അമാതൃകാ ആരാധനകളും വിശുദ്ധിയുടെയും വേർപാടിന്റെയും അതിർവരമ്പുകൾ ലംഘിക്കുന്നതിനാൽ ദൈവമക്കൾ പ്രത്യേകാൽ യുവജനങ്ങൾ ഈ പൈശാചിക വലയത്തിൽ പെട്ടു പോകാതിരിക്കാൻ വളരെ ശ്രദ്ധിക്കുകയും അങ്ങനെയുള്ള കൂട്ടായ്മകൾ ഒഴിവാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

ഇവരെല്ലാം സ്വർഗ്ഗരാജ്യത്തിന്റെ എതിർദിശയിൽ സഞ്ചരിക്കുന്നവരാണ്. ശിഷ്യന്മാർ സ്വർഗ്ഗത്തെക്കുറിച്ചാണ് ചോദിച്ചത്. എന്നാൽ ഇന്ന് വിശ്വാസഗോളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത് കണ്ട് പരിശുദ്ധാത്മാവ് ദുഃഖിക്കുന്നു. ഈ ലോകത്തിലെ വലിയ സ്ഥാനങ്ങൾക്കുവേണ്ടി ഏതുവഴിയും സ്വീകരിക്കുന്നവർ ദിശമാറി സഞ്ചരിക്കുന്നവരാണ്. ശിശുക്കളെപ്പോലെ തിരിഞ്ഞുവരേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

**പാസ്റ്റർ എം. സാമുവൽകുട്ടി**

## തലക്കനമില്ലെങ്കിലും തലയെടുപ്പോടെ!

(നാലാം പേജിൽ നിന്ന് തുടർച്ച)

കവിതയ്ക്ക് ചില അവാർഡുകൾ ലഭിച്ചിട്ടുണ്ട്. All the Gospel Team ആണ് (AG Choir) എന്ന പേരിൽ അറിയപ്പെട്ടിരുന്നത്. ഈ പേരിന് അല്പം മാറ്റം വരുത്തി Alpha Gospel Voice, Kattakada എന്നാക്കി. ഈ സംഗീത ഗ്രൂപ്പിന് നേതൃത്വം നൽകുന്നത് കൂടാതെ 1999 മുതൽ കാട്ടാക്കടയ്ക്കടുത്ത് കാക്കമുകൾ എന്ന സ്ഥലത്ത് സ്വന്തഭവനത്തിൽ സഭ തുടങ്ങി ഇന്നുവരേയും ശുശ്രൂഷകനായും തുടരുന്നു.

സുവിശേഷ ഗീതികൾ, കൈവിടാത്ത ദൈവം, ആനന്ദം ക്രിസ്തീയ ജീവിതം, വിശ്വാസപടക്, സകലവും സാദ്ധ്യം, പറഞ്ഞുതീരാത്ത ദാനം, നാളെയ്ക്കായ് , ക്രൂശിലെ ത്യാഗം, ഞാനാര്, കണ്ണിൻ കൃഷ്ണമണി, രക്ഷ ഇങ്ങനെ പതിനൊന്ന് കാസറ്റുകൾ എജി ക്വയർ ഇതിനോടകം പുറത്തിറക്കിയിട്ടുണ്ട്. ഇന്നും പാസ്റ്റർ വിക്ടർ ഫിലിപ്പ് ആരാവാരങ്ങളും അകമ്പടികളും ഇല്ലാതെ വിവിധ നിലകളിൽ ദൈവരാജ്യത്തിനായി അഹോരാത്രം അത്യദ്ധ്വാനം ചെയ്യുന്നു. അനാരോഗ്യം പലപ്പോഴും തളർത്തുവാൻ ശ്രമിച്ചെങ്കിലും ആർഭാടങ്ങളില്ലാതെ അവിവാഹിതനായി അപ്പോൾ തന്നെ അതിഥി സല്ക്കാര പ്രീയനായ പാസ്റ്റർ വിക്ടർ ഫിലിപ്പിനെ തളർത്തുവാനോ തകർക്കുവാനോ യാതൊന്നിനും സാധിച്ചിട്ടില്ല. പൊങ്ങച്ചം കാട്ടുന്ന അല്പന്മാർ ധാരാളം നമുക്കിടയിലുള്ളപ്പോൾ തലക്കനമില്ലാതെ വിനയാന്വീതനായി വിക്ടർ ഫിലിപ്പ് ശുശ്രൂഷയിൽ വ്യാപൃതനാകുന്നു. തന്റെ ആവശ്യങ്ങളേക്കാൾ തന്നിൽ വ്യാപരിക്കുന്ന അഭിഷേകത്തിന് തന്നെ ആവശ്യമുണ്ട്. ഇരുമിഴികളും അടച്ച് പ്രീയരേ, ഒരു നിമിഷം അദ്ദേഹത്തിനായും ശുശ്രൂഷകൾക്കായും നമുക്ക് പ്രാർത്ഥിക്കാം... യേശുവിന്റെ നാമം മാത്രം വിജയിക്കട്ടെ!

## മാനസാന്തരത്തിലേക്ക് മടങ്ങിവരുക

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

പ്രവേശിക്കുകയും സന്തോഷ നിമിഷങ്ങൾ നൽകി ആദരിക്കുകയും ചെയ്യും. ആകയാൽ ലക്ഷ്യം തെറ്റിയുള്ള അപഥ സഞ്ചാരങ്ങളെ വിട്ട് ദൈവസഭ മടങ്ങിവരേണ്ടത് അത്യാവശ്യമാണെന്ന് അദ്ദേഹം തന്റെ പ്രസംഗത്തിൽ പ്രസ്താവിച്ചു. റീജൻ സെക്രട്ടറി പാസ്റ്റർ വി.എം. ഏബ്രഹാം അദ്ധ്യക്ഷനായിരുന്ന യോഗത്തിൽ ഇവ. തങ്കച്ചൻ ഡേവിഡ് 84–ാം സങ്കീർത്തനത്തിൽ നിന്നും പ്രബോ ധിപ്പിച്ചു. തുടന്നു നടത്തപ്പെട്ട കർത്തൃമേശ ശുശ്രൂഷയ്ക്ക് റീജൻ ട്രഷറാർ പാസ്റ്റർ സുമേഷ് പി. ലാസർ നേതൃത്വം നൽകി. റീജനിലെ എല്ലാ ദൈവദാസന്മാരും ദൈവജനവും യോഗത്തിൽ പങ്കെടുത്തു.

## മുഴുരാത്രി പ്രാർത്ഥന നടന്നു

അടൂർ: കേരളാ റീജൻ ഫെയ്ത്ത് ക്രിസ്ത്യൻ മെൻസ് ഫെല്ലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ സെപ്തംബർ 26 ശനിയാഴ്ച രാത്രി മാഞ്ഞാലി ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിൽ വച്ച് മൂഴുരാത്രി പ്രാർത്ഥന നടന്നു. ഈ മീറ്റിംഗിൽ റീജനിലെ സഹോദരന്മാരും ദൈവദാസന്മാരും പങ്കെടുത്തു. പാസ്റ്റർ തോമസ് മാത്യു, പാസ്റ്റർ ജയൻ ജോസഫ് എന്നിവർ നേതൃത്വം നൽകി.

## ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് ഡൽഹി സന്ത്നഗറിൽ

**ന്യൂഡൽഹി:** കിങ്ങ്സ്വേ ക്യാമ്പ് ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിന്റെ ആരാധന സന്ത് നഗറിലേക്ക് മാറി. സന്ത്നഗർ നളന്താ പബ്ലിക് സ്കൂളിന്റെ എതിർവശത്ത് ഹോളി ഫാമിലി സിസ്റ്റേഴ്സ് കോൺവെന്റിന് സമീപമുള്ള സൺവ്യൂ അപ്പാർട്ട്മെന്റിന്റെ (പ്ലോട്ട് നമ്പർ 769/1) മൂന്നാം നിലയിൽ ആണ് ആരാധന നടക്കുന്നത്. ജി.ടി.ബി. നഗർ മെട്രോ സ്റ്റേഷനിൽ നിന്നും ബുരാഡിക്കുള്ള ഓട്ടോ സർവ്വീസ് ലഭ്യമാണ്.


**വരിസംഖ്യ നിരക്ക് ഒരുവർഷത്തേക്ക്**

| | | |
|---|---|---|
| ഇന്ത്യയിൽ | | :36 രൂപ |
| ഗൾഫ് | | :300 രൂപ |
| യു.എസ് | $ | :10 |
| കാനഡ | $ | :10 |


**ക്ഷണിക്കുന്നു**

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*–പത്രാധിപർ*


**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ
പാസ്റ്റർ എം. സാമുവൽകുട്ടി

അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി

പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ


ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വചനദീപ്തം

# വേർതിരിക്കപ്പെട്ട കൂട്ടം



പാസ്റ്റർ മനോജ് തമ്പി
മങ്ങാട്

ലോകശക്തികളായിരുന്ന വൻ കിട സാമ്രാജ്യങ്ങളിൽ സമത്വത്തിനും നീതിയ്ക്കും വേണ്ടി നിലവിളിച്ച് കൊണ്ടിരുന്ന ഒരു പറ്റം ദൈവഭക്തന്മാർ ലോകചരിത്രത്തെ നിയന്ത്രിക്കുന്നതിന്റെ നിർണ്ണായക ചിത്രമാണ് ബൈബിൾ ചരിത്രത്തിന്റെ മനോഹാരിത വർദ്ധിപ്പിക്കുന്നത്. അതിന്റെ പുരോഗമിക്കുന്ന പൂർണ്ണത ദൃശ്യമാകുന്നത് ദൈവസഭയിലൂടെയും ക്രിസ്തു ഭക്തരിലൂടെയുമാണ്. അടച്ചിട്ട മുറികളിൽ ഭയവിഹ്വലരായി ആരാധനയ്ക്കായി ഒത്തുകൂടിയ ക്രിസ്തുഭക്തർ നരഭോജികളായും അസാൻമാർഗിക പ്രവർത്തകരായും രാജ്യദ്രോഹികളായും മുദ്രകുത്തപ്പെട്ടു. അനന്തരഫലമായി ഭീകരമായ പീഢനമുറകൾക്ക് ക്രൈസ്തവർ പാത്രീഭവിച്ചു. അമ്മമാർക്ക് മക്കളെയും മക്കൾക്ക് മാതാപിതാക്കളേയും ഭാര്യാഭർത്താക്കന്മാർക്ക് ജീവിത പങ്കാളികളേയും നഷ്ടപ്പെട്ട മൃഗീയപീഢനം. സ്വന്തം മക്കളുടെ മുമ്പിൽ നഗ്നയാക്കപ്പെട്ട് അഗ്നിത്തടാകങ്ങളിലേക്ക് വലിച്ചെറിയപ്പെടുന്ന അമ്മമാർ, മാതാപിതാക്കളുടെ മുമ്പിൽ വച്ച് അംഗവിഛേദനം ചെയ്യപ്പെടുന്ന മക്കൾ, ചരിത്രത്താളുകളിൽ എഴുതിച്ചേർക്കാൻ കാലം മറന്ന് പോയ പൈശാചികത ദൈവസഭയെ തളർത്തിയില്ല എന്നതിന് കാലം തന്നെ സാക്ഷി. സഭയുടെ നാഥനായ ക്രിസ്തു പീഢനങ്ങളുടെ കൊടുമുടിയേറി ഭയാനകമായ മരണത്തെ ജയിച്ച് സഭയ്ക്ക് മാതൃകയായതിനാൽ പീഢനത്തിനപ്പുറമായ പ്രത്യാശയെ ഉൾക്കൊള്ളുവാൻ ക്രിസ്തു ശിഷ്യർക്ക് സാധിച്ചു. ക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ ലഭ്യമായ ജീവനുള്ള പ്രത്യാശയാണ് സഭയുടെ സമ്പത്ത്.

പീഢന പരമ്പരകളെ അതിജീവിച്ച ക്രൈസ്തവസഭയെ നിഷ്പ്രഭമാക്കുവാൻ ആഭ്യന്തര പ്രശ്നങ്ങൾ അണിയറയിൽ ആവിഷ്കരിക്കപ്പെട്ടു. ക്രിസ്തുവിലൂടെയുള്ള രക്ഷണ്യപ്രവർത്തിയെ കരസ്ഥമാക്കുവാൻ എന്ത് ചെയ്യണമെന്നുള്ള സംശയങ്ങളും, വാഗ്വാദങ്ങളും, പോർവിളികളും ഉയർന്നു വന്നു. അപ്പൊസ്തലന്മാരിൽ ചിലരെ വ്യക്തിപൂജയ്ക്കുള്ള വിഗ്രഹങ്ങളായി മാറ്റാൻ ഭിന്നാഭിപ്രായങ്ങൾ രൂക്ഷമായി. പീഢനങ്ങളിൽ തകരാതിരുന്ന തിരുസഭ ഉപദേശസത്യങ്ങളെ വഴിമാറ്റി വിട്ട തോടെ തകർച്ചയുടെ വക്കിലെത്തി. അപ്പൊസ്തലന്മാരിൽ ചെറിയവനായി സ്വയം വിശേഷിപ്പിച്ച പൗലൊസ് ലേഖനങ്ങളിലൂടെ ശക്തമായ താക്കീതുകൾ നൽകി. വിശ്വാസപ്രമാണത്തിൽ നിന്നും പ്രവർത്തിയുടെ പ്രമാണത്തിലേക്ക് സഭയെ മടക്കിക്കൊണ്ട് പോകുവാൻ പാരമ്പര്യവാദികളായ യഹൂദന്മാർ ശ്രമിച്ചു. പൗലൊസ് അതിനെ വേറൊരു സുവിശേഷം എന്ന് വിശേഷിപ്പിച്ചു. പ്രവർത്തിയിലധിഷ്ഠിതമായ വിശ്വാസത്തിലുപരി വിശ്വാസത്തിന്റെ പ്രവർത്തി ചെയ്യുവാൻ തയ്യാറാകുമ്പോൾ നീതീകരണം പ്രാപിക്കുവാൻ സാധിക്കുമെന്നും ദാനധർമ്മങ്ങളും, പെരുന്നാൾ ആചരണങ്ങളും തീർത്ഥാടനങ്ങളും നിത്യരക്ഷയ്ക്ക് നിദാനമല്ലെന്നും പൗലൊസ് പഠിപ്പിച്ചു. വിശ്വാസത്താൽ നിയന്ത്രിക്കപ്പെടുന്ന പ്രവർത്തനങ്ങളാണ് ദൈവസഭയുടെ അടിസ്ഥാനം.

യേശുക്രിസ്തുവിലൂടെയുള്ള രക്ഷണ്യപ്രവർത്തിയുടെ രഹസ്യം ലോകത്തിന് വെളിപ്പെടുത്തിയത് ദൈവസഭയാണ്. ആട്ടിൻകൂട്ടം, കെട്ടിയടയ്ക്കപ്പെട്ട തോട്ടം, ദൈവത്തിന്റെ ഗ്രഹനിർമ്മാണം, ക്രിസ്തുവിന്റെ മണവാട്ടി, ക്രിസ്തു ശരീരം, പരിശുദ്ധാത്മാവിന്റെ മന്ദിരം ഇങ്ങനെ വിവിധ നാമങ്ങൾ സഭയ്ക്ക് ലഭിച്ചിരിക്കുന്നു. ദൈവത്തിന്റെ പൂർണ്ണമായ ഉത്തരവാദിത്വവും നിയന്ത്രണവും തിരുസഭയ്ക്കുണ്ട് എന്നതിന്റെ തെളിവാണ് സഭയിലൂടെ പ്രകടമാകുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ. സഭാനേതൃത്വത്തിലും അത്തരത്തിലുള്ള നിയന്ത്രണങ്ങൾ ദൈവം ഏർപ്പെടുത്തുന്നതിനാൽ ചിലർക്ക് സ്ഥാന നഷ്ടം, സംഘടനകളുടെ തകർച്ച എന്നിവ നാം മനസിലാക്കി ക്കൊണ്ടിരിക്കുന്നു. നേതൃത്വ പാഠവവും, പണവും, രാഷ്ട്രീയവും, ആൾബലവും കൊണ്ട് പണിതെടുത്ത സ്ഥാപനമല്ല തിരുസഭ. യേശുക്രിസ്തുവിന്റെ രക്തത്തിന്റെ വിലയാണ് സഭയെന്നും ദൈവീക ഉദ്ദേശ്യത്തിനായി വിളിച്ച് വേർതിരിക്കപ്പെട്ട വിശുദ്ധന്മാരുടെ കൂട്ടമാണ് ദൈവസഭയെന്നും മനസിലാക്കാതെ പലരും ദൈവത്തിന്റെ സഭയെ കള്ളന്മാരുടെ ഗുഹയാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. ഇന്നും പ്രമുഖമായ വേദികളിൽ പ്രത്യക്ഷപ്പെടാത്ത ഒരുകൂട്ടം ദൈവഭക്തന്മാർ ലോകത്തിലുണ്ടെന്ന് വെളിവാക്കുന്ന ക്രിസ്തുവിന്റെ മേഘപ്രത്യക്ഷത ഏറ്റവും ആസന്നമായിരിക്കുന്നു. പൂർണ്ണമായത് വരുമ്പോൾ അംശമായത് നീങ്ങിപ്പോകുമെന്നും ഇവിടെ നമുക്ക് നിലനിൽക്കുന്ന നഗരമില്ലെന്നും, കാണുന്നത് താത്ക്കാലികവും കാണാത്തത് നിത്യമാണെന്നും, സൂര്യൻ ഇരുണ്ട് പോകുമെന്നും, ചന്ദ്രൻ പ്രകാശം കൊടുക്കാതെയിരിക്കുമെന്നും നക്ഷത്രങ്ങൾ ആകാശത്ത് നിന്നും ഇളകി വീഴുമെന്നും, എല്ലാറ്റിന്റെയും അവസാനം വന്നിരിക്കുന്നുവെന്നും മനസിലാക്കുന്ന തിരുസഭയുടെ കാത്തിരിപ്പ് രക്ഷകനായ ക്രിസ്തുവിന്റെ രണ്ടാം വരവിന് വേണ്ടിയാണ്. യേശുക്രിസ്തുവിലൂടെ പുതുക്കം പ്രാപിച്ചവരാണ് ദൈവസഭയുടെ അംഗങ്ങൾ. പുതിയ ആകാശം, പുതിയ ഭൂമി, പുതിയ ശരീരം എന്നിവ യ്ക്കായി സഭ കാത്തി രിക്കുന്നു. നിങ്ങൾ ഇതൊക്കെയും കാണുമ്പോൾ അവൻ അടുക്കെ വാതിൽക്കൽ ആയിരിക്കുന്നു എന്ന് അറിഞ്ഞുകൊൾവിൻ.

യേശുക്രിസ്തുവിലൂടെയുള്ള രക്ഷണ്യപ്രവർത്തിയുടെ രഹസ്യം ലോകത്തിന് വെളിപ്പെടുത്തിയത് ദൈവസഭയാണ്. ആട്ടിൻകൂട്ടം, കെട്ടിയടയ്ക്കപ്പെട്ട തോട്ടം, ദൈവത്തിന്റെ ഗ്രഹനിർമ്മാണം, ക്രിസ്തുവിന്റെ മണവാട്ടി, ക്രിസ്തു ശരീരം, പരിശുദ്ധാത്മാവിന്റെ മന്ദിരം ഇങ്ങനെ വിവിധ നാമങ്ങൾ സഭയ്ക്ക് ലഭിച്ചിരിക്കുന്നു. ദൈവത്തിന്റെ പൂർണ്ണമായ ഉത്തരവാദിത്വവും നിയന്ത്രണവും തിരുസഭയ്ക്കുണ്ട് എന്നതിന്റെ തെളിവാണ് സഭയിലൂടെ പ്രകടമാകുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ

# പൗലൊസ് ഒരു ബാധയോ?

(നാലാം പേജിൽ നിന്ന് തുടർച്ച)

മിൽ ആയിരുന്നപ്പോൾ ദൈവം മിസ്രയിംമിയരുടെ നടുവിലേക്ക് 10 ബാധ അയച്ചതായി കാണുന്നു. ഒരു മനുഷ്യന്റെ ശരീരത്തിന്മേൽ കുടികൊള്ളുന്ന പൈശാചിക പ്രവർത്തനങ്ങളെയാണ് ബാധ എന്ന് വിശേഷിപ്പിക്കുന്നത്. പൗലൊസിനേയും അന്നത്തെ മതാനുസാരികൾ നിഷേധാത്മക ചിന്താഗതിയിൽ ആണ് ചിത്രീകരിച്ചിരിക്കുന്നത്. പൗലൊസിനെക്കുറിച്ച് അവിടെ അവർ പറയുന്നത് കലഹം ഉണ്ടാക്കുന്നവൻ എന്നുകൂടിയാണ്.

ഇവിടത്തെ എന്റെ ചോദ്യം ഇതാണ്, നിങ്ങൾക്ക് ഒരു ബാധയാകാമോ എന്ന് പ്രഭാഷകന്റെ ചോദ്യത്തിൽ കുടുംബം, സഭ, ദേശം എന്നിവയിൽ കയറി കലഹമുണ്ടാക്കുന്നവൻ ആകാമോ എന്നല്ലേ അർത്ഥം വരുന്നത്? ഇതിന് yes മൂളി കെട്ടിപ്പിടിച്ച് തറയിൽ വീണ് ഉരുണ്ടതിനു ശേഷം ഇത് തന്നെയല്ലേ ഭവനത്തിലും ചെന്ന് കാണിക്കുന്നത്? ഇങ്ങനെയുള്ള കലഹം അവസാനം ആത്മഹത്യ, കുലപാതകം, പോലീസ് കേസ്, അടിപിടി, ബഹളം, പിൻമാറ്റം എന്നിവയിലേക്കും വഴിതിരിച്ചുവിടുകയല്ലേ ചെയ്യുന്നത്.

ബാധയായി മാറാമോ എന്ന ചോദ്യത്തിന്റെ മറുപടികളാണല്ലോ കേരളത്തിൽ ജനം കണ്ടുകൊണ്ടിരിക്കുന്നത്. വേദപുസ്തക വ്യാഖ്യാനത്തിൽ നാം വളരെ ശ്രദ്ധയുള്ളവരാകണം. മനസ്സിന് ഇക്കിളി ഉണ്ടാകുന്ന സന്ദേശം അല്ല നമുക്കാവശ്യം, മറിച്ച് ആത്മാവിന്റെ രക്ഷ വലിയത് എന്ന് കണ്ട് രക്ഷയുടെ സന്ദേശമായിരിക്കണം കർത്താവിൽ നിന്ന് പ്രാപിച്ച് പകരേണ്ടത്. വെറുതെ ജനത്തിന്റെ ഉല്ലാസത്തിനു വേണ്ടിയും ജഡവികാരങ്ങളെ ഉണർത്തുന്ന സന്ദേശങ്ങളും മാത്രം പറയുവാൻ ശ്രമിക്കുമ്പോഴാണ് പലപ്പോഴും വേദപുസ്തകത്തിന്റെ വ്യഖ്യാന നിരയിൽ നിന്ന് തെറ്റിപോകുന്നത്.

പലപ്പോഴും പ്രസംഗകർ ആദിമുതൽ അവസാനം വരെയും വചനത്തെ കോട്ടിക്കളയുന്ന വ്യഖ്യാനങ്ങൾ നിറഞ്ഞ അബദ്ധങ്ങളാണ് വിളിച്ചു പറയുന്നത്. എടുത്ത കുറി വാക്യങ്ങൾ മറന്നു പോകുന്നു, കാടുകയറിയ പ്രസംഗങ്ങളും പ്രസംഗത്തിനിടയിൽ അയ്യായിരം സ്ത്രോത്രവും ഹല്ലേലുയ്യയും ഗ്ലോറിയും ഒക്കെ മേമ്പടിയായി ചേർക്കുന്നു. സുവിശേഷയോഗങ്ങൾ ഉണർവ്വു യോഗങ്ങളും കാത്തിരിപ്പു കൂട്ടായ്മകളും ആയി മാറുന്നു. സുവിശേഷ പ്രസംഗം ഇന്നത്തെ പുതുതലമുറയ്ക്ക് അന്യം നിൽക്കുന്നു. അവൻ ആർക്കും കടക്കാരനല്ല എന്ന പാട്ടും അമ്മ പാടത്ത് പണിയെടുത്ത കാഴ്ച കണ്ടു എന്നതു പോലുള്ള കെട്ടുകഥയും കൂടി വിവരിച്ചുകഴിയുമ്പോൾ എന്തോ വലിയകാര്യം ചെയ്തതുപോലെയാണ് പ്രഭാഷകന്റെ നിൽപ്പ്. സ്മാർട്ട് ഫോണും വാഡ്സ്ആപ്പും ഉപയോഗിച്ച് യോഗത്തിന് വരുന്നവരുടെ പേരും വിവരങ്ങളും ധരിച്ചിരിക്കുന്ന ഡ്രസിന്റെ കളറും പ്രസംഗകരുടെ കയ്യിൽ എത്തിക്കാൻ ശിങ്കടികൾക്ക് എളുപ്പം. സ്റ്റേജിൽ നിന്നും കൊണ്ട് മൊബൈലിൽ വന്ന സന്ദേശം അനുസരിച്ച് മൈക്രോഫോണിൽ കൂടി വിളിച്ചുകൂവി പറയുമ്പോൾ പാവം ജനങ്ങൾ വഞ്ചിക്കപ്പെടുകയാണ്. ഇങ്ങനെയുള്ള ബാധയാണോ ഉദ്ദേശിക്കുന്നത് എന്ന് മനസ്സിലായില്ല.

എന്തായാലും നാം നമ്മേ തന്നെ സൂക്ഷിക്കേണ്ട കാലഘട്ടം ആണ്. നമ്മുടെ കർത്താവിന്റെ വരവ് ഏറ്റവും അടുത്തു. അതിന്റെ ലക്ഷണങ്ങൾ ആണ് ഈ കാണുന്നത് ഒക്കെയും. ആകയാൽ ദൈവവചനത്തിലെ നിർമ്മല സത്യങ്ങൾക്കുവേണ്ടി നമുക്ക് നിലകൊള്ളാം.

## വിശ്വാസ ഗീതങ്ങൾ

*ഒരു ഉത്തമ ഗാനോപഹാരം*

മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, റോമൻ സ്ക്രിപ്റ്റിലുമായി
1000ൽപരം ഗാനങ്ങൾ
കൂടാതെ സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ,
പ്രേംവാണി(ഹിന്ദി), കൺവൻഷൻ ഗാനങ്ങൾ,
സ്നേഹമാധുരി, പ്രേമമാധുരി(തെലുങ്ക്),
സ്നേഹ നിധി (എം. പി. ത്രി)
എന്നീ ആഡിയോ സിഡികളും ലഭ്യമാണ്

കോപ്പികൾക്ക്:-
**Pastor M. Samuelkutty**
Yash Apartments, Flat no 101, First Floor, 96/E,
Ward No: 2, Mehrauli, New Delhi-110030

ക്രമീകൃത വേദപഠനത്തിന് ഒരു അംഗീകൃത സ്ഥാപനം

## ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ്

(ഒരു ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്ഥാപനം)

| കോഴ്സ് | കാലദൈർഘ്യം | യോഗ്യത |
|---|---|---|
| ബാച്ചിലർ ഇൻ തിയോളജി | 3 വർഷം | +2, എച്ച്. എസ്. ഇ. |
| ഡിപ്ലോമ ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി |
| സർട്ടിഫിക്കറ്റ് ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി |

സുവിശേഷീകരണത്തിൽ പ്രായോഗിക പരിശീലനം
യോഗ്യതയും ആത്മനിറവുമുള്ള അധ്യാപകർ
പഠനാനന്തരം ശുശ്രൂഷയ്ക്കുള്ള അവസരങ്ങൾ
അയാട്ട (IATA) അംഗീകൃതം
റഗുലർ ബാച്ചിൽ പഠിക്കുവാൻ കഴിയാത്ത ഉദ്യോഗസ്ഥർക്കും
സുവിശേഷവേലയിൽ താല്പര്യമുള്ള കുടുംബസ്ഥർക്കും വേണ്ടി
സി.റ്റി.എച്ച് സായാഹ്ന കോഴ്സ്.

Faith Celebration Bible College, Shanthy Nagar, Police Station Road,
Adoor PO, Pathanamthitta, Kerala 691523,
Ph. 04734 - 225213, 9961813058 E-Mail:- fcbcadur@yahoo.com
www.indianchristianmission.com

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

NEWSPAPER REGN. No. 65362 / 97
POSTAL REGN.NO. DL 07 / 0138 / 15 - 17
Date of Publication - 5th October 2015
Date of Posting - 7th & 8th of every month

Tel : 91 9810084388, e-mail : icm4india@yahoo.com, website- www.indianchristianmission.com

*Price Rs. 3/-*

# പൗലൊസ് ഒരു ബാധയോ?



പാസ്റ്റർ ജോസ് ശാമുവേൽ
ന്യൂഡൽഹി

**കേ**രള പെന്തക്കൊസ്തു സമൂഹത്തിൽ ഇന്നൊരു ഒഴിയാബാധ പോലെ വിളങ്ങിനിൽക്കുന്ന ഒന്നാണ് വേദപുസ്തക ദുർവ്യാഖ്യാനങ്ങൾ. 1600 വർഷങ്ങൾ കൊണ്ട് 40 ഗ്രന്ഥകാരന്മാർ വിവിധ സ്ഥലങ്ങളിൽ, പരസ്പരം യാതൊരു ഭൗതീക ബന്ധങ്ങളുമില്ലാതെ കേവലം പരിശുദ്ധാത്മാവ് നൽകിയ നിർദ്ദേശം അനുസരി ച്ച് എഴുതിയതാണ് വേദപുസ്തകം. വേദപുസ്തകത്തിലെ അറുപത്തിയാറ് പുസ്തകങ്ങളും, അതിലെ വാക്യങ്ങളും നാം വ്യാഖ്യാനം ചെയ്യുമ്പോൾ പരിശുദ്ധാത്മാവിന്റെ സഹായം നമുക്ക് ആവശ്യമാണ്. കാരണം ഇതിന്റെ എഴുത്തുകാരൻ പരിശുദ്ധാത്മാവാണ്.

പൗലൊസ് പറയുന്നത് ദൈവത്തിന്റെ വചനം മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല. "എല്ലാ തിരുവെഴുത്തും ദൈവശ്വാസിയമാണ്" (God breathed), ദൈവവചനത്തെ വിശകലനം ചെയ്ത് പഠിക്കുമ്പോൾ നാം എടുക്കുന്ന കുറിവാക്യത്തിന്റെ ആകെതുക മനസ്സിലാക്കുവാൻ ശ്രമിക്കേണ്ടത് വളരെ ആവശ്യമാണ്. ഏതൊരു വാക്യത്തേയും നാം എടുത്ത് അത് വിശകലനം ചെയ്യുമ്പോൾ അതിൽകൂടി പരിശുദ്ധാത്മാവ് വെളിപ്പെടുത്താൻ ആഗ്രഹിക്കുന്ന ഒരു വ്യാഖ്യാനം ഉണ്ട്, അത് കണ്ടെത്തുവാൻ നാം പരമാവധി ശ്രമിക്കുകയും അതിനായി ദൈവത്തോട് പ്രാർത്ഥിക്കേണ്ടതും ആവശ്യമാണ്.

കേരളത്തിലെ പുതുതലമുറക്കാർ വേദപുസ്തകത്തെ ഒരുപാട് ദുർവ്യാഖ്യാനം ചെയ്യുന്ന ഒരു പ്രവണതയാണ് ഇപ്പോൾ കണ്ടുവരുന്നത്. ആ വ്യാഖ്യാനത്തെ നൂതന ഉപദേശമായി പ്രസ്താവിക്കുന്നതാണ് മറ്റൊരു രീതി. ഇന്നത്തെ ആത്മികലോകം ഒരു അനുകരണ കലയുടെ കേളീരംഗമായി മാറ്റപ്പെട്ടു. ലൗകീകന്മാരായ മിമിക്രിക്കാർ അവതരിപ്പിക്കുന്നതി

> **ദൈവവചനത്തെ വിശകലനം ചെയ്ത് പഠിക്കുമ്പോൾ നാം എടുക്കുന്ന കുറിവാക്യത്തിന്റെ ആകെതുക മനസ്സിലാക്കുവാൻ ശ്രമിക്കേണ്ടത് വളരെ ആവശ്യമാണ്. ഏതൊരു വാക്യത്തേയും നാം എടുത്ത് അത് വിശകലനം ചെയ്യുമ്പോൾ അതിൽകൂടി പരിശുദ്ധാത്മാവ് വെളിപ്പെടുത്താൻ ആഗ്രഹിക്കുന്ന ഒരു വ്യാഖ്യാനം ഉണ്ട്, അത് കണ്ടെത്തുവാൻ നാം പരമാവധി ശ്രമിക്കുകയും അതിനായി ദൈവത്തോട് പ്രാർത്ഥിക്കേണ്ടതും ആവശ്യമാണ്**

നെക്കാൾ ബഹുമിടുക്കോടെയാണ് വിദേശികൾ പോലും തള്ളിക്കളഞ്ഞ ദുരൂപദേശങ്ങൾ നമ്മുടെ പുതുതലമുറക്കാർ ആത്മീയ വേദികളിൽ അവതരിപ്പിക്കുന്നത്. വിദേശവത്ക്കരണം ഒരു വാണിജ്യവത്ക്കരണമായി മാറുന്നു. ഒന്നും അറിയാത്ത പാവം ജനങ്ങളുടെ കണ്ണിൽ പൊടിയിടുകയാണ് ഈ വിദ്വാന്മാർ.

എന്നാൽ അടുത്തയിടയായി ഇങ്ങനെയുള്ള അതിവിശുദ്ധന്മാരുടെ ഞെട്ടിക്കുന്ന സംഭവങ്ങളാണ് പുറത്തുവന്നു കൊണ്ടിരിക്കുന്നത്. സ്റ്റേജിൽ തകർപ്പൻ ശുശ്രൂഷകളും വീട്ടിൽ അടിച്ചു പൊളിയും. കുടുംബതകർച്ച, ഭാര്യഭർത്തൃബന്ധത്തിൽ ഉലച്ചൽ, അസമാധാനത്തിന്റെ വിളയാട്ടം. ഇതാണോ നിങ്ങൾ ബാധയാകാമോ എന്ന ചോദ്യത്തിന്റെ ഉത്തരം?

ഇവിടത്തെ വിഷയം ബാധ എന്നതാണല്ലോ. അപ്പൊ. പ്രവർത്തി 24: 1-5 വരെയുള്ള ഭാഗങ്ങളിൽ പ്രത്യേകിച്ച് 5-ാം വാക്യത്തിൽ പൗലൊസിനെ ക്കുറിച്ച് "ഈ പുരുഷൻ ഒരു ബാധയും കലഹമുണ്ടാക്കുന്നവനും നസറായ മതത്തിന് മുമ്പനും എന്ന് ഞങ്ങൾ കണ്ടിരിക്കുന്നു". ബാധ എന്ന വാക്ക് ഏതർത്ഥത്തിലാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നതെന്ന് മാന്യ വായനക്കാർ വിലയിരുത്തേണ്ടതാണ്. വിശുദ്ധ വേദപുസ്തകത്തിൽ ബാധ എന്ന പദം നമുക്ക് കാണുവാൻ കഴിയും. ബാധ എന്ന വാക്ക് ഒരിക്കലും പോസിറ്റീവ് വാക്ക് അല്ല. ദൈവത്തിന്റെ ജനം മിസ്രയി

(ശേഷം മൂന്നാം പേജിൽ)

## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ

### സിൽവർ ജൂബിലി നിറവിൽ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്- ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. ഐ.സി.എം. അക്കാദമികൾ (ബീഹാർ)
5. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
6. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
7. വിശ്വാസി പബ്ളിക്കേഷൻസ്
8 മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി), പ്രേമമാധുരി (തെലുങ്ക്)

**ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം**

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

**സംഭാവനകൾക്ക് ആദായനികുതി (80ജി) ഇളവ് ലഭിക്കുന്ന രസീത് നൽകുന്നതാണ്**

**INDIAN CHRISTIAN MISSION**
**Yash Apartments, Flat no 101, First Floor, 96/E,**
**Ward No: 2, Mehrauli, New Delhi-110030**
**E-mail: icm4india@yahoo.com, Website: www.indianchristianmission.com**

**ഉറവ**

## തലക്കനമില്ലെങ്കിലും തലയെടുപ്പോടെ!



ഇവാ. ജോൺ സാമുവൽ
മണക്കാല

എന്റെ ചെറുപ്പക്കാലത്ത് മണക്കാലയിൽ നടന്ന ഒരു സുവിശേഷ മഹായോഗത്തിൽ പങ്കെടുക്കാൻ മാതാപിതാക്കളോടൊത്ത് ഞാനും പോയി. സുപ്രസിദ്ധ സുവിശേഷ പ്രസംഗകനായ പാസ്റ്റർ പി.വി. ആശാരി (ആശാരി ഉപദേശി) പ്രസംഗിക്കുന്ന ഉണർവ്വുയോഗങ്ങളായിരുന്നു അത്. ഈ യോഗങ്ങളിൽ സംഗീതശുശ്രൂഷയ്ക്ക് അർഹമായ സ്ഥാനം നൽകിയിരുന്നു. അന്ന് ഘനഗംഭീര ശബ്ദത്തിൽ ഇമ്പമാർന്ന ഈണത്തിൽ ആ ഗാനം ആലപിക്കുന്നത് ആദ്യമായി ഞാൻ കേട്ടു:

"നരകവാസം ഇങ്ങനെയോ
ഞാനതറിഞ്ഞില്ലേ...
ദൈവം ഒരുക്കിയ പാതാള നരകം
ഇത്ര ഭയങ്കരമോ...."

ഒരുകാലത്ത് സുവിശേഷയോഗങ്ങളിലും പരസ്യയോഗങ്ങളിലും ഒക്കെ ഏറ്റവും അധികം ആലപിച്ചിരുന്ന ഒരു മനോഹരഗാനമാണിത്. മാനസാന്തരപ്പെടാതിരുന്ന ധനവാന്റെ നരകയാതനയും യേശുവിങ്കലേക്കുള്ള ആഹ്വാനവും ഹൃദ്യമായ കാവ്യഭംഗിയിൽ ഈ ഗാനത്തിൽ പ്രതിപാദിച്ചിരുന്നു. ഈ പാട്ടിന്റെ ഉറവിടം തേടിയുള്ള എന്റെ യാത്ര ചെന്നവസാനിച്ചത് വിക്ടർ ഫിലിപ്പ് എന്ന കർത്തൃദാസന്റെ അടുത്തായിരുന്നു. ആദ്യകൂടികാഴ്ചയിൽ തന്നെ ഒരു ആത്മീക ഹൃദയബന്ധം ഞങ്ങൾക്കിടയിൽ ഉണ്ടായി. തുടർന്ന് പലപ്രാവശ്യം അദ്ദേഹം നേതൃത്വം കൊടുക്കുന്ന യോഗങ്ങളിൽ വചനശുശ്രൂഷകനായി കടന്നുചെന്നു. അദ്ദേഹം എന്നെ പരിചയപ്പെടുത്തിയ ഒട്ടനവധി സുവിശേഷയോഗങ്ങളിൽ പ്രസംഗകനായും ഞാൻ പോയിട്ടുണ്ട്. ഇന്നും ആ ക്രിസ്തീയ സ്നേഹബന്ധം തുടരുന്നു.

പരേതരായ പാസ്റ്റർ ജി. ഫിലിപ്പോസ്- മേരിക്കുട്ടി ദമ്പതികളുടെ മക്കളിൽ നാലാമനായി 1964 ജനുവരി 25ന് തിരുവനന്തപുരം ശ്രീകാര്യം എ.ജി. ചർച്ചിന്റെ ഫെയ്ത്ത് ഹോമിൽ ജനിച്ചു. ആറ് പതിറ്റാണ്ടോളം വിവിധ സ്ഥലങ്ങളിൽ മാറിമാറി സഭാശുശ്രൂഷ ചെയ്തിരുന്ന പിതാവ് ദക്ഷിണ എജി ഡയറക്ടറായി ആദ്യമായി തിരഞ്ഞെടുക്കപ്പെട്ടു. സാമ്പത്തികത്തിന്റെ എല്ലാ മേന്മകളേക്കാളും ദാരിദ്രത്തിന്റെ ഇല്ലായ്മയായിരുന്നു ആ കർത്തൃദാസന് കൈമുതലായിട്ടുണ്ടായിരുന്നത്. പക്ഷെ സഭയേയും കുടുംബത്തെയും വിശ്വാസജീവിതത്തിൽ വളർത്തുന്നതിൽ ഒട്ടും വിട്ടുവീഴ്ച അദ്ദേഹത്തിനുണ്ടായിരുന്നില്ല. ആ പിതാവിന്റെ ക്രിസ്തീയ ജീവിതവും ശുശ്രൂഷയും മകനായ വിക്ടറിലും വലിയ സ്വാധീനം ചെലുത്തി.

ചാങ്ങ, വെള്ളനാട്, കുറ്റിച്ചൽ, പരുത്തിപ്പള്ളി തുടങ്ങിയ സ്ഥലങ്ങളിൽ വിദ്യാഭ്യാസം നടത്തിയെങ്കിലും പത്താം ക്ലാസ്സ് പരീക്ഷ വിക്ടർ ഇതുവരെ എഴുതിയിട്ടില്ല. വളരെ ചെറുപ്പം മുതൽ സൗണ്ട് സിസ്റ്റം ഓപ്പറേറ്റ് ചെയ്യുന്നതിൽ വളരെ ഉൽസുകനായിരുന്നു. വർഷങ്ങൾ പലതുകഴിഞ്ഞു, പതിനായിരക്കണക്കിന് വാട്ട്സ് സിസ്റ്റം സ്വന്തമായിട്ടുണ്ട്. ഇതിലൂടെ ലഭിക്കുന്ന സാമ്പത്തിക നന്മ സുവിശേഷ പ്രവർത്തനത്തിനായി അദ്ദേഹം ഉപയോഗിക്കുന്നു. ക്രിസ്തീയ ശുശ്രൂഷയിൽ സംഗീതത്തിനുള്ള സ്ഥാനം പിതാവ് മനസ്സി ലാക്കി ഒരുകൂട്ടം ചെറുപ്പക്കാരെ കൂട്ടി ഒരു ഗായകസംഘത്തിന് രൂപം നൽകി. അങ്ങനെ പപ്പയുടെ ഡയറക്ഷനിൽ എജി ക്വയർ (കാട്ടാക്കട) എന്ന പേരിൽ 1981 ഏപ്രിൽ 16-ന് ഔദ്യോഗികമായി ശുശ്രൂഷ ആരംഭിച്ചു. പമ്പക്കാട് എജി സഭയിൽ വച്ച് നടന്ന നാല്ദിവസത്തെ സുവിശേഷ യോഗമായിരുന്നു ക്വയറിന്റെ ആദ്യവേദി.

വിസ്മരിക്കവയ്യാത്ത ഒട്ടനവധി അനുഭവങ്ങൾ വിക്ടർ ഫിലിപ്പ് ഹൃദയം തുറന്ന് പങ്കുവച്ചത് വിസ്താരഭയത്താൽ രേഖപ്പെടുത്തുന്നില്ല. 81ൽ ടീം തുടങ്ങി ചിലനാളുകൾ കഴിഞ്ഞപ്പോൾ ടീമിൽ ഗിറ്റാർ വായിക്കാനും പാടാനും വന്ന ചെങ്ങന്നൂരുകാരൻ ബെന്നി ടീം അംഗങ്ങളോട് നിങ്ങൾക്ക് സ്വന്തമായി പാട്ടില്ലയോ എന്ന് ചോദിച്ചു. ആ ചോദ്യത്തിനു പിന്നിൽ ദൈവിക ഉദ്ദേശ്യം ഉണ്ടായിരുന്നു. അങ്ങനെ 1983-ൽ കാരുണ്യനാം യേശുവേ, കരുണയിൻ ഉറവിടമേ എന്നുതുടങ്ങുന്ന ഗാനം വിക്ടർ ഫിലിപ്പിന്റെ തൂലികയിലൂടെ പിറവിയെടുത്തു. തുടർന്നിങ്ങോട്ട് ഗാനങ്ങളുടെ ഒരു പ്രവാഹം തന്നെയായിരുന്നു. ഇതിൽ ദൈവം അത്ഭുതം ചെയ്തിടുമ്പോൾ സാത്താനേ നീ എന്തുചെയ്യും എന്ന ഗാനം പാടി അനേകർ അത്ഭുതവിടുതൽ അനുഭവിച്ചറിഞ്ഞിട്ടുണ്ട്. ഇതിനോടകം ഏകദേശം 720 ഗാനങ്ങൾ പാസ്റ്റർ വിക്ടർ ഫിലിപ്പിന്റെ തൂലികയിലൂടെ പുറത്തുവന്നിട്ടുണ്ട്. വരുന്നില്ല, വരുന്നില്ല... എന്ന് കരഞ്ഞുപറഞ്ഞാലും, യേശുവിനു സകലവും സാദ്ധ്യം, ഒരനർത്ഥവും നിനക്കുഭവിക്കുകയില്ല (ഈ ഗാനം 12 ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്) തുടങ്ങിയവ അതിൽ ചിലതുമാത്രം.

ഏഴ് കവിതകൾ രചിച്ചതിൽ ഞാനാര് എന്ന

(ശേഷം രണ്ടാം പേജിൽ)

*Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442*